# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.520** **04.02.2020-ൽ മറുപടിയ്ക്ക്**

**ലോട്ടറിയുടെ ജി.എസ്.ടി. ഏകീകരിച്ച നടപടി**

| | ചോദ്യം<br>ശ്രീ.പി.ടി. തോമസ്<br>,, വി.ടി.ബൽറാം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ലോട്ടറിയുടെ നികുതി ജി.എസ്.ടി. കൗൺസിൽ ഏകീകരിച്ചതുമൂലം സംസ്ഥാന സർക്കാരിന് പ്രതിമാസം എത്ര രൂപയുടെ നഷ്ടം ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | വിൽപ്പനവില 30/-രൂപയുണ്ടായിരുന്ന ഒരു ഭാഗ്യക്കുറി ടിക്കറ്റിന് 28% GST യാകുമ്പോൾ 3.34 രൂപ മുഖവിലയിൽ കുറവ് വരുന്നതിനാൽ ഒരു വർഷം ഏകദേശം 1302 കോടിയോളം രൂപയുടെ വരുമാനക്കുറവ് ഭാഗ്യക്കുറി വകുപ്പിന് ഉണ്ടാകാനിടയുണ്ട്. |
| (ബി) | ഈ നഷ്ടം നികത്തുന്നതിന് സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ വില വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40/- രൂപയായി ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 28% കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. |
| (സി) | ഇങ്ങനെ സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ വില വർദ്ധിപ്പിക്കുകയാണെങ്കിൽ അത് ഇതരസംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ വിലയേക്കാൾ കൂടുതലാകുമെന്നും അത് കേരള സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ വിൽപ്പനയെ പ്രതികൂലമായി ബാധിക്കുമെന്നുമുള്ള കാര്യം പരിശോധി | (സി) | ഇതര സംസ്ഥാന ലോട്ടറികൾ കേരളത്തിനകത്ത് വിൽപ്പന നടത്തുന്നില്ല. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST 28% ആയി ഏകീകരിച്ചതുവഴി മാത്രം ഇതര സംസ്ഥാന ഭാഗ്യക്കുറികൾക്ക് കേരളത്തിനകത്ത് വിൽപ്പന നടത്തുവാൻ സാധിക്കുകയില്ല. |

| | | | |
|---|---|---|---|
| | ച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | കേരളത്തിനകത്ത് ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തണമെങ്കിൽ, ഇതര സംസ്ഥാന ലോട്ടറിയുടെ സമ്മാന ഘടന ഉൾപ്പെടെ കേരള സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിശദാംശങ്ങൾക്ക കേരള സംസ്ഥാന നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതി മുൻകൂറായി വാങ്ങണമെന്ന് കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) ഭേദഗതി നിയമം 2018 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ വില കുറച്ച് അതുവഴി വിൽപ്പന വർദ്ധിപ്പിച്ച് സർക്കാരിന്റെ വരുമാനം കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | 50/- രൂപ വില്പന വിലയുള്ള കാരുണ്യ ഭാഗ്യക്കുറിയുടെ വില കുറച്ച് പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40/- രൂപയായി ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ